അച്ചടക്കനടപടി

## അപ്പെന്റിക്സ് H4

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിൽ മുണ്ടൂർ വെറ്ററിനറി ഡിസ്പെൻസറിയിൽ വെറ്ററിനറി സർജനായ ജോലി നോക്കി വന്നിരുന്ന ഡോ. പ്രകാശ് കെ.കെ എന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ കേരളാ സർവ്വീസ് റൂൾ പാർട്ട്-I അപ്പെൻഡിക്സ് XII എ പ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ച് അവധി കാലാവധി കഴിഞ്ഞ് അനധികൃതമായി ജോലിക്ക് ഹാജരാകാതെ, കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം 3 ലംഘിച്ച താങ്കളെ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടം 11 പ്രകാരം കഠിന ശിക്ഷാ നടപടി എടുക്കാതിരിക്കാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചു കൊണ്ടുള്ള ചാർജ്ജ് മെമ്മോ 08.04.2019 തീയതിയിലെ ഇ3/36/2019-എ.എച്ച് നമ്പർ പ്രകാരം 09.04.2019 തീയതിയായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന താങ്കളുടെ ലഭ്യമായിട്ടുള്ള സ്വദേശത്തെയും വിദേശത്തെയും മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആയത് താങ്കൾ കൈപ്പറ്റാതെ തിരികെ ലഭിക്കുകയുണ്ടായി. ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ വിശദീകരണം ലഭിക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. താങ്കൾക്കെതിരെയുള്ള ചാർജ്ജ് മെമ്മോയുടേയും കുറ്റാരോപണ പത്രികയുടേയും പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ മൃഗസംരക്ഷണ (ഇ) വകുപ്പിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിൽ വന്ന് നേരിട്ട് കൈപ്പറ്റാവുന്നതോ അല്ലെങ്കിൽ താങ്കളുമായി കത്തിടപാട് നടത്താൻ കഴിയുന്ന നിങ്ങളുടെ കൃത്യമായ മേൽവിലാസം രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത മേൽ വിലാസത്തിലേക്കോ അയച്ചുതരുന്നതുമായിരിക്കും.

#ApprovedByName#
#ApprovedByDesignation#
പ്രിൻസിപ്പൽ സെക്രട്ടറി